# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**സണ്ണി എം. സി.**
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9446561939

## പത്രക്കുറിപ്പ്

പി.ആർ.ഒ/35(A)/215/2016 | 2016 **ഒക്ടോബർ 06.**

## എം.ജി വി.സി യ്ക്ക് നാഷണൽ എജ്യൂക്കേഷൻ എക്സലൻസ് അവാർഡ് സമ്മാനിച്ചു

കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റീസ് ഇന്ത്യൻ സർവ്വകലാശാലകളിലെ മികച്ച വൈസ് ചാൻസലർക്കായി നൽകുന്ന 2016-ലെ നാഷണൽ എജ്യൂക്കേഷൻ എക്സലൻസ് അവാർഡ് മഹാത്മാ ഗാന്ധി സർവ്വകലാശാല വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യന്, അന്തർദ്ദേശീയ അദ്ധ്യാപക ദിനത്തോടനുബന്ധിച്ച് കൊൽക്കത്ത സയൻസ് സിറ്റി ഓഡിറ്റോറിയത്തിൽ വച്ച് നടന്ന സമ്മേളനത്തിൽ ഇന്ത്യയിലെ ജർമ്മൻ കോൺസുൽ ജനറൽ ഡോ. ഒലീഫ് ഇവേഴ്സൺ സമ്മാനിച്ചു. കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റീസ് പ്രസിഡന്റ് ഡോ. പ്രിയരഞ്ജൻ ത്രിവേദി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ത്രിപുര ഗവർണർ പ്രൊഫ. തഥാഗത റോയ് സമ്മേളനം ഉദ്ഘാടനം ചെയ്തു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എജ്യൂക്കേഷണൽ റിസർച്ച് ഡയറക്ടർ ഡോ. ഉത്ക്കർഷ് ശർമ്മ മുഖ്യപ്രഭാഷണം നിർവ്വഹിച്ചു. കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റീസ് ജനറൽ സെക്രട്ടറി തൻമോയ് രുദ്ര, വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു.

പിന്നീട് ചേർന്ന ഇന്ത്യൻ യൂണിവേഴ്സിറ്റീസ് കോൺഫെഡറേഷന്റെ യോഗത്തിൽ ഇന്ത്യൻ സർവ്വകലാശാലകളെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്നതിനായി അക്കാദമികവും ഭരണപരവുമായ പരസ്പരസഹകരണം, ആശയവിനിമയം, അന്താരാഷ്ട്ര സമ്മേളനങ്ങൾ, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സുഗമമായ നടത്തിപ്പ് മുതലായവ ലക്ഷ്യം വയ്ക്കുന്ന ജി-51 (തെരഞ്ഞെടുക്കപ്പെട്ട 51 ഇന്ത്യൻ സർവ്വകലാശാലകളുടെ ഗ്രൂപ്പ്) രൂപീകരിക്കുന്നതിന് തീരുമാനിച്ചു. ഭാരതത്തിലെ മുൻനിര ശാസ്ത്ര-ഗവേഷണ സ്ഥാപനങ്ങളും സർവ്വകലാശാലകളും ഉൾപ്പെടുന്ന ജി-51 ഗ്രൂപ്പിൽ കേരളത്തിൽ നിന്നും മഹാത്മാ ഗാന്ധി സർവ്വകലാശാല മാത്രമാണ് അംഗമായിട്ടുള്ളത്. ഈ ഗ്രൂപ്പിന്റെ അടുത്ത സമ്മളനം ഡിസംബറിൽ ഡൽഹിയിൽ വച്ച് നടത്തുന്നതിനും തീരുമാനിച്ചു.




കൊൽക്കത്ത സയൻസ് സിറ്റി ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റീസിന്റെ നാഷണൽ എജ്യൂക്കേഷൻ എക്സലൻസ് അവാർഡ് മഹാത്മാ ഗാന്ധി സർവ്വകലാശാല വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യന് ജർമ്മൻ കോൺസൽ ജനറൽ ഡോ. ഒലീഫ് ഇവേഴ്സൺ സമ്മാനിക്കുന്നു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എജ്യൂക്കേഷണൽ റിസർച്ച് ഡയറക്ടർ ഡോ. ഉത്ക്കർഷ് ശർമ്മ, കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റീസ് പ്രസിഡന്റ് ഡോ. പ്രിയരഞ്ജൻ ത്രിവേദി എന്നിവർ സമീപം

## പരീക്ഷാ തീയതി

അഫിലിയേറ്റഡ് കോളജുകളിലെയും യൂണിവേഴ്സിറ്റി കോളജ് ഓഫ് ടീച്ചർ എജ്യൂക്കേഷനുകളിലെയും മൂന്നാം സെമസ്റ്റർ ബി.എഡ് (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ - 2015 അഡ്മിഷൻ റഗുലർ - ദ്വിവൽസര കോഴ്സ്) പരീക്ഷകൾ ഒക്ടോബർ 31ന് നടത്തും. അപേക്ഷകൾ പിഴകൂടാതെ ഒക്ടോബർ 14 വരെയും 50 രൂപ പിഴയോടെ 17 വരെയും 500 രൂപ സൂപ്പർഫൈനോടെ 19 വരെയും സ്വീകരിക്കും. സി.വി ക്യാമ്പ് ഫീസായി 100 രൂപ പരീക്ഷാ ഫീസിന് പുറമെ അടയ്ക്കണം.

## അഡ്മിഷൻ കൗൺസിലിംഗ്

സ്കൂൾ ഓഫ് മെഡിക്കൽ എജ്യൂക്കേഷൻ നടത്തുന്ന 2016-17 അദ്ധ്യയന വർഷത്തേക്കുള്ള ബി.എസ്.സി നഴ്സിങ്/ബി.എസ്.സി എം.എൽ.റ്റി കോഴ്സുകളിൽ ഈഴവ/തിയ്യ വിഭാഗത്തിൽ സീറ്റൊഴിവുണ്ട്. റാങ്ക് നമ്പർ 1301 മുതൽ 1400 വരെയുള്ളവർക്ക് അഡ്മിഷൻ കൗൺസിലിംഗ് ഒക്ടോബർ 15ന് രാവിലെ 10 മണിക്ക് കോട്ടയം ഗാന്ധിനഗറിലുള്ള എസ്.എം.ഇ ഡയറക്ടറുടെ ഓഫീസിൽ വച്ച് നടത്തും. അർഹരായ വിദ്യാർത്ഥികൾ ടി.സി ഒഴികെയുള്ള എല്ലാ അസ്സൽ രേഖകളും നിശ്ചിത ഫീസുമായി രക്ഷിതാക്കളോടൊപ്പം എത്തിച്ചേരണം. വെബ് സൈറ്റ് www.sme.edu.in , ഫോൺ 0481-6061014, 6061012.

## ഗാന്ധി ജയന്തി വാരാഘോഷം സമാപിച്ചു

എം.ജി സർവ്വകലാശാല ഗാന്ധിമാർഗ്ഗപഠന വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ഗാന്ധി ജയന്തി വാരാഘോഷം പ്രൊ വൈസ് ചാൻസലർ ഡോ. ഷീന ഷുക്കൂറിന്റെ സമാപന സന്ദേശത്തോടെ സമാപിച്ചു. അമേരിക്കൻ മേയർമാർ പോലും സമാധാന സ്ഥാപനത്തിനായി ഗാന്ധിമാർഗം നേടി ഇന്ത്യയിലെത്തുന്ന ഈ അവസരത്തിൽ ഗാന്ധി സന്ദേശങ്ങളുടെ പ്രശസ്തി ഭാരതീയർ തിരിച്ചറിയണമെന്ന് ഡോ. ഷീന ഷുക്കൂർ അഭിപ്രായപ്പെട്ടു. ഗാന്ധിയൻ പഠന വിഭാഗം മേധാവി ഡോ. റോയ് സി. മാത്യു അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സിൻഡിക്കേറ്റംഗം കെ. ഷെറഫുദ്ദീൻ അവാർഡ് വിതരണം നടത്തി. റവ. ഫാ. സജി വർഗീസ് റിപ്പോർട്ട് അവതരിപ്പിച്ചു. ഡോ. സി. ആർ. ഹരിലക്ഷ്മീന്ദ്രകുമാർ, ഡോ. ആർ. എസ്. സന്ധ്യ, മഞ്ജുഷ കെ. എ എന്നിവർ സംസാരിച്ചു.




എം.ജി സർവ്വകലാശാല ഗാന്ധിമാർഗ്ഗപഠന വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ഗാന്ധി ജയന്തി വാരാഘോഷത്തന്റെ സമാപന സമ്മേളനത്തിൽ പ്രൊ വൈസ് ചാൻസലർ ഡോ. ഷീന ഷുക്കൂർ സംസാരിക്കുന്നു. കെ. ഷെറഫുദ്ദീൻ, ഡോ. റോയ് സി. മാത്യു, റവ. ഫാ. സജി വർഗീസ്, ഡോ. സി. ആർ. ഹരിലക്ഷ്മീന്ദ്രകുമാർ, ഡോ. ആർ. എസ്. സന്ധ്യ, മഞ്ജുഷ കെ. എ എന്നിവർ സമീപം

**ബ്രിക്സ് പ്രതിസന്ധികൾക്ക് നടുവിൽ – റഷ്യൻ സാമൂഹിക ചിന്തകൻ പ്രൊഫ. ബോറിസ് കഗർലിസ്കി**

ബ്രിക്സ് സഖ്യം അതിലെ അംഗരാജ്യങ്ങളിലെ ആഭ്യന്തര വൈരുദ്ധ്യവും രാജ്യാന്തര വിപണിയുടെ സമ്മർദ്ദങ്ങളുംകൊണ്ട് വീർപ്പുമുട്ടുകയാണെന്ന് പ്രസിദ്ധ റഷ്യൻ സാമൂഹിക ചിന്തകൻ പ്രൊഫ. ബോറിസ് കഗർലിസ്കി അഭിപ്രായപ്പെട്ടു. മഹാത്മാഗാന്ധി സർവ്വകലാശാലയിലെ രാജ്യാന്തര പഠനവിഭാഗത്തിൽ കെ.പി.എസ്. മേനോൻ അനുസ്മരണ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ആഗോള സാമ്പത്തിക മാന്ദ്യം തങ്ങൾക്ക് ഗുണകരമാകുമെന്ന് ഒരുഘട്ടത്തിൽ ബ്രിക്സ് രാജ്യങ്ങൾ പ്രതീക്ഷിച്ചിരുന്നു. എന്നാൽ ആ രാജ്യങ്ങളും ആഗോള മൂലധന വ്യവസ്ഥയുടെയും അതിന്റെ വിതരണ ബന്ധങ്ങളുടെയും കെട്ടുപാടുകൾക്കുള്ളിലായതിനാൽ ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ ആഘാതങ്ങൾ അവരും അനുഭവിക്കേണ്ടിവന്നു. അതിന്റെഫലമായി മൂന്നാംലോക രാജ്യങ്ങളുടെ സഖ്യത്തിനായുണ്ടായ തുടക്കത്തിലെ ആവേശം തടസ്സപ്പെടുകയും ഓരോരോ രാജ്യത്തും ആഭ്യന്തര പ്രതിസന്ധികൾ രൂക്ഷമാവുകയും ചെയ്തു. എന്നാൽ ഔദ്യോഗികരേഖകൾ പ്രകാരം വളർച്ചാനിരക്ക് ഉയർന്നുകൊണ്ടേയിരുന്നു. പൊതുവേ വികസിതരാജ്യങ്ങളായാണ് ബ്രിക്സ് രാജ്യങ്ങളെ പരിഗണിക്കുന്നതെങ്കിലും അവിടങ്ങളിലെ ഭരണകൂടങ്ങൾ ആഗോള മുതലാളിത്ത വ്യവസ്ഥ രൂപപ്പെടുത്തിയിട്ടുള്ള ചട്ടക്കൂടിനുമപ്പുറത്തേക്കുപോകാൻ താൽപര്യപ്പെടുന്നില്ല. ആഗോളവിപണിയുടെ ആവശ്യങ്ങൾ ആഭ്യന്തരവികസനത്തിന് ഊർജ്ജംപകരുന്നതാണ്. എന്നാൽ അംഗരാജ്യങ്ങൾ അവിടങ്ങളിലുണ്ടാവുന്ന ആഭ്യന്തരസംഘർഷങ്ങളെ കാണുന്നില്ല. ഇത് ചില രാജ്യങ്ങളിൽ വലതു, തീവ്ര വലതുപക്ഷ ശക്തികളുടെ വളർച്ചയ്ക്ക് സഹായകമായി. നിർഭാഗ്യവശാൽ ഇടതുപക്ഷത്തിനും പുരോഗമനശക്തികൾക്കും ഇത് നേരിടാൻ കഴിയുന്നില്ല എന്നുമാത്രമല്ല അവർ പുറംതിരിഞ്ഞുനിൽക്കുകയുമാണ്. നിലനിൽക്കുന്ന സാഹചര്യത്തിൽ വ്യാപാരം പരിപോഷിപ്പിക്കാമെന്നല്ലാതെ വലിയൊരു പുരോഗതി ബ്രിക്സ് കാര്യത്തിൽ പ്രതീക്ഷിക്കുന്നില്ലെന്ന് പ്രൊഫ. ബോറിസ് കഗർലിസ്കി വ്യക്തമാക്കി. പ്രൊഫ. കെ.എം.സീതി സ്വാഗതം പറഞ്ഞു. പ്രൊഫ. എ.എം. തോമസ് അദ്ധ്യക്ഷത വഹിച്ചു.




മഹാത്മാഗാന്ധി സർവ്വകലാശാലയിലെ രാജ്യാന്തര പഠനവിഭാഗത്തിൽ റഷ്യൻ സാമൂഹിക ചിന്തകൻ പ്രൊഫ. ബോറിസ് കഗർലിസ്കി കെ.പി.എസ്. മേനോൻ അനുസ്മരണ പ്രഭാഷണം നടത്തുന്നു. പ്രൊഫ. കെ.എം.സീതി, പ്രൊഫ. എ.എം. തോമസ് എന്നിവർ സമീപം

.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)